# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -1933 | 07.03.2017 ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസ്സുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ടി. തോമസ് | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇവയിൽ അന്വേഷണം പൂർത്തിയാകാത്ത കേസ്സുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ജില്ലകളിൽ സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് 205 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ അന്വേഷണം പൂർത്തിയാകാത്ത 148 കേസ്സുകളുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>ഇതിനു പുറമേ, സംസ്ഥാനത്തെ സൈബർ പോലീസ് സ്റ്റേഷനുകളിൽ 27 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടി കേസ്സുകളിൽ ഭൂരിഭാഗവും ഇന്റർനെറ്റ് മുഖാന്തിരമുള്ള പരാതികളെ അടിസ്ഥാനമാക്കിയുള്ളതാണ്. കൂടാതെ സൈബർ കുറ്റകൃത്യമായി കണക്കാക്കാവുന്ന സിനിമാ പൈറസിയുമായി ബന്ധപ്പെട്ട ഒരു കേസ് ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ കാലയളവിൽ പോലീസ്, സംസ്ഥാനത്തെ ഹൈടെക് സെല്ലിന് അന്വേഷണം കൈമാറിയ എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ഹൈടെക് ക്രൈം എൻക്വയറി സെല്ലിലേയ്ക്ക് കേസ്സുകളൊന്നും അന്വേഷണത്തിനായി കൈമാറാറില്ല. എന്നാൽ വിവര സാങ്കേതിക വിദ്യയുടെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളുടെ തെളിവ് ശേഖരണാർത്ഥം ടി സെല്ലിലെ സാങ്കേതിക വിദഗ്ധരുടെ സഹായം തേടാറുണ്ട്. ഇത്തരത്തിൽ 178 കേസ്സുകളുടെ അന്വേഷണത്തിന് ഹൈടെക് ക്രൈം എൻക്വയറി സെൽ ഈ കാലയളവിൽ സാങ്കേതിക സഹായം നൽകിയിട്ടുണ്ട്. |
| (ഡി) | ഇവയിൽ കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ എണ്ണം വ്യക്തമാക്കമോ? | (ഡി) | ഇവയിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.

അനുബന്ധം

| District | ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ (25/05/2016 മുതൽ 27/02/2017 വരെ) | |
|---|---|---|
| | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | ഇവയിൽ അന്വേഷണം പൂർത്തിയാകാത്ത കേസുകളുടെ എണ്ണം |
| TVM C | 28 | 15 |
| TVM R | 19 | 14 |
| KLM C | 3 | 3 |
| KLM R | 0 | 0 |
| PTA | 1 | 1 |
| ALP | 9 | 7 |
| KTM | 19 | 11 |
| IDK | 6 | 5 |
| EKM C | 33 | 24 |
| EKM R | 18 | 13 |
| TSR C | 4 | 3 |
| TSR R | 16 | 14 |
| PKD | 9 | 6 |
| MPM | 14 | 10 |
| KKD C | 5 | 4 |
| KKD R | 8 | 5 |
| WYD | 5 | 5 |
| KNR | 5 | 5 |
| KSD | 3 | 3 |
| RLYS | 0 | 0 |
| **Total** | **205** | **148** |

സെക്ഷൻ ഓഫീസർ